"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്-General RM - 2021-22 - Cluster-1 - One Year Running contract for various PWD Roads under Roads Section, North Paravur in Ernakulam District - 4 road stretches for a total length of 8.35 K-General Civil work(Balance work)-എന്ന പ്രവൃത്തിയുടെ ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ജി) വകുപ്പ്**

സ.ഉ.(കൈ) നം.14/2026/PWD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. സ.ഉ(പി) നം.16/2017/ധന തീയതി 06/02/2017
2. സ.ഉ(സാധാ) നം.1034/2021/പൊമവ തീയതി 24/11/2021
3. പൊതുമരാമത്ത് നിരത്തു പരിപാലന വിഭാഗം ചീഫ് എഞ്ചിനീയരുടെ 20/08/2024,02/03/2025,27/08/2025,14/11/2025,12/01/2026,25/01/2026 തീയതികളിലെ CEPWD/2965/2022-DB3-RM നമ്പർ കത്തുകൾ
4. സ.ഉ.(പി) നം47/2025/ധന തീയതി 11/04/2025

**ഉത്തരവ്**

General RM - 2021-22 - Cluster-1 - One Year Running contract for various PWD Roads under Roads Section, North Paravur in Ernakulam District - 4 road stretches for a total length of 8.35 K-General Civil work(Balance work)-എന്ന പ്രവൃത്തിക്ക് മേൽ പരാമർശം 2 പ്രകാരം 78.5 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിരുന്നു. എറണാകുളം നിരത്തു പരിപാലന വിഭാഗം കാര്യാലയത്തിൽ ഉടമ്പടി വച്ചിട്ടുള്ള മേൽ പ്രവൃത്തി കരാറുകാരന്റെ നിഷ്ക്രിയ മനോഭാവവും കാലതാമസവും മൂലം ടെർമിനേറ്റ് ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി പുന:ക്രമീകരിച്ച് ബാലൻസ് പ്രവൃത്തിക്ക് മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും പ്രതികരിക്കാതിരുന്നതിനാൽ ഏഴു തവണ ക്വട്ടേഷൻ ചെയ്യുകയും എന്നാൽ കരാറുകാരുടെ ഭാഗത്തുനിന്ന് യാതൊരു പ്രതികരണവും ഉണ്ടാകാതിരുന്നതിനാൽ എട്ടാമത് പുനർ ക്വട്ടേഷൻ ക്ഷണിക്കുകയും അതിൽ ശ്രീ നിപിൻ.ഇ.വി എന്ന കരാറുകാരൻ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തിരുന്നു.എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത തുക "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും പരമാവധി അനുവദനീയമായ ടെണ്ടർ എക്സസ്"എന്ന മാനദണ്ഡത്തേക്കാൾ അധികമാണെന്നും എന്നാൽ പ്രസ്തുത റോഡിന്റെ അവസ്ഥ നിലവിൽ മോശമാണ് എന്നത് പരിഗണിച്ച് നിലവിൽ കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്ന 82,94,802.38/- രൂപക്ക് കരാർ നൽകണമെന്ന് പരാമർശം 3 ലെ കത്തു മുഖാന്തിരം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.പിന്നീട് കരാറുകാരനുമയി നെഗോഷിയേഷൻ നടത്തിയതിനെ തുടർന്ന് കരാറുകാരൻ എസ്റ്റമേറ്റ് തുകയേക്കാൾ 33.17% തുക അധികം രേഖപ്പെടുത്തി നൽകി. DsoR 2021 അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് കണക്കാക്കിയ ശേഷവും ശ്രീ നിപിൻ.ഇ.വി ക്വോട്ട് ചെയ്ത തുകയായ 73,63,975/-രൂപ എന്നത് DSR+10%(2021) പരിധിക്ക് പുറത്താണെന്ന് എന്നും അതിനാൽ സർക്കാർ തലത്തിൽ അംഗീകാരം ആവശ്യമാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 78.5 ലക്ഷം രൂപ ഭരണാനുമതിയുള്ള പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തിക്ക് മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും പ്രതികരിക്കാതിരുന്നതിനാൽ ഏഴ് തവണ ക്വട്ടേഷൻ ചെയ്യുകയും എന്നാൽ കരാറുകാരുടെ ഭാഗത്തുനിന്ന് യാതൊരു പ്രതികരണവും ഉണ്ടാകാതിരുന്നതിനാൽ എട്ടാമത് ക്വട്ടേഷൻ ക്ഷണിക്കുകയും അതിൽ ഏക പങ്കാളിത്തം ഉണ്ടാവുകയും അത് അനുവദനീയമായ പരിധിക്ക് പുറത്താവുകയും ചെയ്തിരിക്കുന്നു. General RM - 2021-22 - Cluster-1 - One Year Running contract for various PWD Roads under Roads Section, North Paravur in Ernakulam District - 4 road stretches for a total length of 8.35 K-General Civil work(Balance work)-എന്ന പ്രവൃത്തിക്കായി ശ്രീ നിപിൻ ഇ.വി ക്വോട്ട് ചെയ്ത തുകയായ 73,63,975/-രൂപ(എഴുപത്തി മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച് രൂപ മാത്രം) DSR+10%(2018)നേക്കാൾ 21.06% വും DSR+10% (2021) നേക്കാൾ 2.65% വും കൂടുതലായ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ക്വട്ടേഷൻ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് നിരത്ത് പരിപാലന വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് "ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും പരമാവധി അനുവദനീയമായ ടെണ്ടർ എക്സസ്"എന്നതിൽ ഇളവു വരുത്തി ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത്(നിരത്തു പരിപാലന വിഭാഗം),തിരുവനന്തപുരം
സൂപ്രണ്ടിംഗ് എഞ്ചിനീയർ,പൊതുമരാമത്ത്(നിരത്തുകൾ),മധ്യമേഖല,ആലുവ
എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത് (നിരത്ത് പരിപാലന വിഭാഗം),എറണാകുളം
ധനകാര്യ വകുപ്പ്(U.O.No.I&PW-B1/319/2024-FIN(E 2963641) dt. 21/05/2025)
പൊതുഭരണ(എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരളം,തിരുവനന്തപുരം
കരുതൽ ഫയൽ/വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
സെക്ഷൻ ഓഫീസർ
Date: 16-02-2026 15:02:33

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. പൊ.മ.വ.-ജി2/307/2024/പൊ.മ.വ. ഇനം നം: 3634

വിഷയം : പൊതുമരാമത്ത് വകുപ്പ് - "General RM - 2021-22- Cluster - 1 - One Year Running contract for various PWD Roads under Roads Section, North Paravur in Emakulam District - 4 road stretches for a total length of 8.35 KM - General Civil Work (Balance Work)" നിലവിലുള്ള വ്യവസ്ഥകളിൽ ഇളവു വരുത്തി കരാർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**<u>മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്</u>**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പൊ.മ.വ- ജി2/307/2024-പൊ.മ.വ. |
| 2 | വകുപ്പ് | : | പൊതുമരാമത്ത് (ജി) വകുപ്പ് |
| 3 | വിഷയം | : | "General RM - 2021-22 - Cluster-1 - One Year Running contract for various PWD Roads under Roads Section, North Paravur in Ernakulam District - 4 road stretches for a total length of 8.35 Km - General Civil work (Balance work)" -സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/09/2025 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സുമേഷ് കുമാർ സി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ബിജു. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.01.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി. എ. മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

എറണാകുളം ജില്ലയിലെ **"General RM - 2021-22 - Cluster-1 - One Year Running contract for various PWD Roads under Roads Section, North Paravur in Ernakulam District - 4 road stretches for a total length of 8.35 Km - General Civil work (Balance work)"** എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രീ. നിപിൻ ഇ.വി. സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്തു പരിപാലന വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം.

2. എറണാകുളം ജില്ലയിലെ പ്രസ്തുത പ്രവൃത്തിയ്ക്കായി, 2021-2022 സാമ്പത്തിക വർഷത്തിൽ 24/11/2021 തീയതിയിലെ G.O.(Rt) No. 1034/2021/PWD നമ്പർ ഉത്തരവ് പ്രകാരം 78.5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എറണാകുളം നിരത്തു പരിപാലന വിഭാഗം കാര്യാലയത്തിൽ ഉടമ്പടി വച്ചിട്ടുള്ള മേൽ പ്രവൃത്തി കരാറുകാരന്റെ നിഷ്ക്രിയ മനോഭാവവും കാലതാമസവും മൂലം ടെർമിനേറ്റ് ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി പുന:ക്രമീകരിച്ച് ബാലൻസ് പ്രവൃത്തിയ്ക്ക് മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും പ്രതികരിക്കാത്തതിനാൽ ഏഴു തവണ ക്വട്ടേഷൻ ചെയ്യുകയും എന്നാൽ കരാറുകാരുടെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണവും ഉണ്ടാകാത്തതിനാൽ എട്ടാമത് പുനർ ക്വട്ടേഷൻ ക്ഷണിക്കുകയും അതിൽ ശ്രീ. നിപിൻ ഇ.വി. എന്ന കരാറുകാരൻ ക്വട്ടേഷൻ സമർപ്പിച്ചിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത തുക അനുവദനീയമായ പരിധിയേക്കാൾ കൂടുതലായിരുന്നു.

ബിഡിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| No | Bidder | Estimate PAC | LMR PAC | DSR +10% | Quoted rate (%) | Quoted PAC |
|---|---|---|---|---|---|---|
| 1 | Nipin E.V. | 5529835.07 | 6624484.68<br>19.8%>EPAC | 6082818.58 | 50 | 8294802.38 |

3. കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 50% കൂടുതലായതിനാൽ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടി കത്ത് നല്കിയിരുന്നെങ്കിലും തൊഴിലാളികളുടെ കൂലിയും മെറ്റീരിയൽസിന്റെ വില വർദ്ധനവും മൂലം ക്വാട്ട്

ചെയ്തിരിക്കുന്ന നിരക്ക് കുറയ്ക്കുവാൻ സാധിക്കുകയില്ലെന്ന് കരാറുകാരൻ മറുപടി നൽകിയെന്നും അതിനാൽ കരാറുകാരനായ ശ്രീ. നിപിൻ ഇ.വി. ക്വോട്ട് ചെയ്ത ₹82,94,802.38/- (50%) രൂപയുള്ള ടെണ്ടർ പരിഗണിക്കണമെന്നും നിരത്തു പരിപാലന വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

4. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങളടങ്ങിയ 06/02/2017 തീയതിയിലെ സ.ഉ.(പി)നം. 16/2017/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം "ടെണ്ടറിൽ ലഭിച്ച നിരക്ക്/ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ.-നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ്, അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നാണ്.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ റിമാർക്സ് ആവശ്യപ്പെടുകയും പ്രസ്തുത വകുപ്പ് ചുവടെ ചേർക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു:

*AD is informed as follows:*

a) The AD is advised to negotiate again with the bidder to reduce the high quoted rates to maximum admissible contract PAC plus Risk and cost amount retained, i.e. ₹76,05,009/ (₹60,82,819/-+₹15,22,190/-) and accept the tenders (as a special case),

or

b) Since the work has been tendered for three times and quotation invited for eight times, the maximum admissible contract PAC as per G.O.(P) No.16/2017/Fin dated 06/02/2017 (i.e. ₹60,82,818.58/-) is 36.36% below the quoted amount of ₹82,94,802.38/-, hence AD is advised that, appropriate decisions be taken for submitting the case before the Council of Ministers, regarding the acceptance of tender excess with valid justifications.

This has the approval of Hon. Minister (Finance).

6. തുടർന്ന് 'പ്രവൃത്തി risk & cost-ലാണോ ടെർമിനേറ്റ് ചെയ്തത് എന്നതിൽ വ്യക്തത വരുത്തി കരാറുകാരനുമായി നെഗോസേഷൻ നടത്താൻ തീരുമാനിച്ചു.'

ക്വോട്ട് ചെയ്ത PAC കുറയ്ക്കുന്നതിനായി, 04/05/2019 തീയതിയിലെ സ.ഉ.(പി) നം. 54/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബിഡ്ഡറുമായി ചർച്ച നടത്താനും പ്രൊപ്പോസൽ പുനഃസമർപ്പിക്കാനും നിരത്തുപരിപാലനവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

7.ചീഫ് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം,പൊതുമരാമത്ത് വകുപ്പ് നിരത്തു പരിപാലന വിഭാഗം ചീഫ് എഞ്ചിനീയറുടെ പുതുക്കിയ റിപ്പോർട്ട് പ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട കൂടുതൽ വിശദീകരണങ്ങൾ ചുവടെ ചേർക്കുന്നു.

1 പ്രവൃത്തിയുടെ ആദ്യ കരാറുകാരൻ:-ശ്രീ.ഇഗ്നേഷ്യസ്.കെ.ടി.,കുരിശിങ്കൽ വീട്,കൂട്ടുകാട്,നോർത്ത് പറവൂർ,എറണാകുളം.

2.ടിയാൻ പൂർത്തീകരിച്ച പ്രവൃത്തികൾ-

| Sl.No. | Description | Revised Agreement quantity | Executed Qty |
|---|---|---|---|
| 1.002 | WMM | 16.70$m^3$ | 5.178$m^3$ |
| 1.009 | Pothole filling with 36mm broken stone | 50$m^3$ | 6.512$m^3$ |
| 1.010 | Supplying&stacking 36mm broken stone | 50$m^3$ | 17.11$m^3$ |
| 1.013 | BC Patch | 9500$m^2$ | 2328.862$m^2$ |
| 2.001 | Clearing grass | 8.00Htr | 0.203Htr |
| 3.001 | Pot hole filling with Ready mix compound | 85 Nos | 85 Nos |
| 3.002 | Pothole filling with 36mm broken stone | 10.598$m^3$ | 10.598$m^3$ |

3.കരാർ വ്യവസ്ഥ ലംഘിച്ച ടിയാനെതിരെ സ്വീകരിച്ച നടപടികൾ:- കരാറുകാരനെ Risk&cost-ൽ ഒഴിവാക്കുകയും ആയതിന്റെ തുടർച്ചയായി Manual clause 2116.21 പ്രകാരമുള്ള Initial Risk തുക,കരാറുകാരൻ ഒടുക്കിയിട്ടില്ലാത്തതിനാൽ ബാക്കി പ്രവൃത്തി തുകയുടെ 30% ടിയാനിൽ നിന്നും തടഞ്ഞുവച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

8.ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലായിരുന്ന കാലയളവിൽ, മേൽ പ്രവൃത്തിയുടെ firm period അവസാനിച്ച സാഹചര്യത്തിൽ ക്വട്ടേഷന് അംഗീകാരം ലഭിക്കുന്നതു വരെ firm period ദീർഘിപ്പിക്കുന്നതിന് സമ്മതമാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത റോഡിന്റെ പല ഭാഗങ്ങളിലും

ബലക്ഷയം വന്നിട്ടുള്ളതായി കാണപ്പെടുന്നെന്നും കരാറുകാരന്റെ അഭാവത്തിൽ പ്രവൃത്തികൾ ചെയ്യുക അസാധ്യമാണെന്നും നിരത്തു പരിപാലന വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചു.

9.എറണാകുളം നിരത്തു പരിപാലന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരനുമായി നെഗോഷിയേഷൻ നടത്തിയതിനെത്തുടർന്ന് കരാറുകാരൻ എസ്റ്റിമേറ്റ് തുകയേക്കാൾ 33.17% തുക അധികം രേഖപ്പെടുത്തി നൽകി.

ക്വാട്ടഡ് തുകയെ ടെണ്ടറിൽ ലഭിച്ച നിരക്ക്/പ്രാദേശിക വിപണി നിരക്ക് ഡി എസ് ആർ (2018) +10%,ഡി എസ് ആർ (2021) +10% എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ എത്ര ശതമാനമാണ് വ്യത്യാസമുള്ളതെന്ന കാര്യം ഉൾപ്പെടുത്തി മന്ത്രി സഭാ കുറിപ്പ് പുതുക്കി സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചതിനെ തുടർന്നും DSoR 2021 നിലവിൽ വന്നതിനെത്തുടർന്നും 11/04/2025 തീയതിയിലെ സ.ഉ(പി)നം.47/2025/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും ടെണ്ടർ അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചു.DSoR 2021 ~~അനുസരിച്ചുള്ള EPAC 5529835.07 ആണ്.~~ അതിന്റെ താരതമ്യം താഴെ നൽകുന്നു.

| No | Bidder | LMR PAC | DSR+ 10%(2018) | DSR+10% (2021) | Quoted PAC | Negotiated Rate | Negotiated Quoted Amount |
|---|---|---|---|---|---|---|---|
| 1 | Nipin E V | 6624484.68 | 6082818.58 | 7173868.35 | 8294802.38 | 33.17 % | 7363974.75 |

1.നെഗോഷിയേറ്റഡ് ക്വാട്ടഡ് തുക LMR PAC യേക്കാൾ 11.16% കൂടുതലാണ്.

2.നെഗോഷിയേറ്റഡ് ക്വാട്ടഡ് തുക- DSR+10%(2018) നേക്കാൾ 21.06% കൂടുതലാണ്.

3.നെഗോഷിയേറ്റഡ് ക്വാട്ടഡ് തുക-DSR+10%(2021) നേക്കാൾ 2.65% കൂടുതലാണ്.

DSoR 2021 അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് കണക്കാക്കിയ ശേഷവും ~~M/s~~ Shri Nipin E V ക്വോട്ട് ചെയ്ത തുകയായ Rs.73,63,974.75/- രൂപ അനുവദനീയമായ പരിധിയിലും കൂടുതലയതിനാൽ 11/04/2025 തീയതിയിലെ സ.ഉ(പി)നം.47/2025/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ക്വട്ടേഷൻ അംഗീകരിക്കാൻ സാധിക്കില്ല.ആയതിനാൽ നിരത്തു പരിപാലന വിഭാഗം ചീഫ് എഞ്ചിനീയർ ~~M/s~~ Shri Nipin E V ക്വോട്ട് ചെയ്ത/ചർച്ച ചെയ്ത നിരക്കായ Rs.73,63,975/- (എഴുപത്തിമൂന്ന

ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച് രൂപ മാത്രം) എന്ന തുകയ്ക്കുള്ള ക്വട്ടേഷൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

10. റണ്ണിങ് കോൺട്രാക്ട് പ്രവൃത്തിക്കായി മൂന്നുതവണ ടെൻഡർ ചെയ്തിട്ടും പങ്കാളിത്തം ഒന്നും ഉണ്ടാവാത്തതിനാൽ തുടർന്ന് എട്ടുതവണ ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. എട്ടാമത്തെ ക്വട്ടേഷനിൽ മാത്രമാണ് ഏക പങ്കാളിത്തമുണ്ടായിട്ടുള്ളത്. റണ്ണിങ് കോൺട്രാക്ട് പ്രവൃത്തി അടിയന്തിരമായി നടപ്പിലാക്കേണ്ട സാഹചര്യത്തിലും, പ്രവൃത്തി വൈകുന്തോറും റോഡിലെ കേടുപാടുകൾ വർദ്ധിക്കുന്ന സാഹചര്യമുള്ളതിനാലും LMR-നേക്കാൾ ~~19.80%~~ കൂടുതൽ ക്വാട്ട് ചെയ്ത എട്ടാമത്തെ quotation-ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

എറണാകുളം ജില്ലയിലെ **"General RM - 2021-22 - Cluster-1 - One Year Running contract for various PWD Roads under Roads Section, North Paravur in Ernakulam District - 4 road stretches for a total length of 8.35 Km - General Civil work (Balance work)"** എന്ന പ്രവൃത്തിയ്ക്ക് ~~M/s~~ ശ്രീ. Nipin E.V. ക്വോട്ട് ചെയ്ത തുകയായ ₹73,63,975/- (എഴുപത്തി മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച് രൂപ മാത്രം) DSR+10%(2018) നേക്കാൾ 21.06% വും ,-DSR+10%(2021) നേക്കാൾ 2.65% വും കൂടുതലായ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ക്വട്ടേഷൻ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്തു പരിപാലന വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ 06/02/2017 തീയതിയിലെ സ.ഉ.(പി)നം. 16/2017/ധന നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക് /പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ക്വട്ടേഷൻ അംഗീകരിക്കാമോ?

28/1/26 28/01/2026 28/01/26 28/1/26 28/01/26 06/02/26

P. A. MOHAMED RIYAS
MINISTER FOR PUBLIC WORKS AND TOURISM
GOVT. OF KERALA